"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - കരവാളൂർ ഗ്രാമപഞ്ചായത്ത് - മുൻ വൈസ് പ്രസിഡന്റ് കെ. എസ്. രാജൻ പിള്ള(late) എന്നയാളുടെ ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1240/2025/LSGD തീയതി,തിരുവനന്തപുരം, 21-05-2025

---

പരാമർശം:-

1. കരവാളൂർ ഗ്രാമ പഞ്ചായത്തിന്റെ 18.06.2024 തീയതിയിൽ നടന്ന സാധാരണയോഗത്തിലെ 12/ നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.05.2025 തീയതിയിലെ LSGD/PD/9712/2025-EER2 നമ്പർ കത്ത്.

**ഉത്തരവ്**

കരവാളൂർ ഗ്രാമപഞ്ചായത്തിൽ വൈസ് പ്രസിഡന്റ് ആയി സേവനം അനുഷ്ഠിച്ചുവരവേ കിഡ്നി സംബന്ധമായ അസുഖങ്ങളെ തുടർന്ന് 31/12/2023 ൽ മരണപ്പെട്ട ശ്രീ. കെ. എസ്. രാജൻ പിള്ള എന്നയാൾക്ക് ചികിത്സ നടത്തിയതിൽ ചെലവായ തുകയായ 3,17,070/-(മൂന്ന് ലക്ഷത്തി പതിനേഴായിരത്തി എഴുപത് രൂപ മാത്രം) രൂപ ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. മരണപ്പെട്ട ശ്രീ. കെ. എസ്. രാജൻ പിള്ളയുടെ ചികിത്സ നടത്തിയ ഇനത്തിൽ അനുവദനീയ തുകയുടെ 70% തുകയായ 221,949/-രൂപ (രണ്ട് ലക്ഷത്തി ഇരുപത്തൊന്നായിരത്തി തൊള്ളായിരത്തി നൽപ്പത്തി ഒൻപത് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള

വ്യവസ്ഥയിൽ, ടിയാളുടെ ഭാര്യ ശ്രീമതി ഓമനയമ്മ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ കരവാളൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, കരവാളൂർ ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/90/2025-LSGD].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Ajith Kumar K A
Date: 21-05-2025 12:53:30

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.